പ്രകാശവചനം ● **അബൂ ഹംദാൻ കണ്ണൂർ**

# വിശ്വാസിക്ക് ചേരാത്ത സ്വഭാവങ്ങൾ

عَنْ عَبْدُ اللَّهِ بْن عُمَرْ: قَالَ رَسُولُ اللَّهِ ﷺ: لاَ يَنْبَغِي لِلْمُؤْمِنِ أن يَكُونَ لَعَّانًا

അബ്ദുല്ലാഹിബ്നു ഉമറിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: "ശപിച്ചുകൊണ്ടേയിരിക്കുക ഒരു വിശ്വാസിക്ക് ചേർന്നതല്ല" (ഹാകിം, തിർമിദി).

**കു**റ്റം പറയലും ആക്ഷേപിക്കലും ശപിക്കലും ഒരു വിശ്വാസിക്ക് ചേർന്നതല്ലെന്നും അത്തരക്കാർ യഥാർഥ വിശ്വാസികളല്ലെന്നുമാണ് മുകളിലുദ്ധരിച്ച നബിവചനം പ്രഖ്യാപിക്കുന്നത്.

ഒരാളിഷ്ടപ്പെടാത്ത പേര് വിളിക്കുന്നതും പരിഹാസ വർത്തമാനങ്ങൾ പറയുന്നതും വിശ്വാസിക്ക് യോജിച്ചതല്ലെന്ന് വിശുദ്ധ ഖുർആൻ തന്നെ അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. "അല്ലയോ വിശ്വസിച്ചവരേ, പുരുഷന്മാർ മറ്റു പുരുഷന്മാരെ പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരേക്കാൾ ശ്രേഷ്ഠരായെന്നു വരും. സ്ത്രീകൾ മറ്റ് സ്ത്രീകളെയും പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്ന സ്ത്രീകൾ പരിഹസിക്കുന്ന സ്ത്രീകളേക്കാൾ ശ്രേഷ്ഠകളായെന്നു വരാം. പരസ്പരം അവഹേളിക്കരുത്. ദുഷ്പേരുകൾ വിളിക്കുകയുമരുത്. വിശ്വാസം കൈക്കൊണ്ട ശേഷം ദുഷ്പേരുകൾ വിളിക്കുകയെന്നത് അത്യന്തം മോശപ്പെട്ട കാര്യമത്രെ. ഈ ദുഃശ്ശീലത്തിൽനിന്നു പിന്തിരിയാത്തവർ ധിക്കാരികൾ തന്നെയാകുന്നു" (*ഹുജുറാത്ത്* 11). പരിഹാസത്തിനും കുത്തുവാക്കുകൾക്കുമപ്പുറം ശകാര ശാപ വചനങ്ങൾ മറ്റുള്ളവർക്ക് മേൽ ചൊരിയുന്നതിനെ കുറിച്ചാണ് ഈ പ്രവാചക വചനത്തിന്റെ പ്രതിപാദ്യ വിഷയം.

താബിഉകളിൽപെട്ട സാലിം തന്റെ പിതാവായ അബ്ദുല്ലയെക്കുറിച്ച് പറയുന്നത് കാണുക: "എന്റെ പിതാവ് ഒരാളെയും ഒന്നിനേയും ആക്ഷേപിക്കുന്നതായിട്ട് (ശപിക്കുന്നതായിട്ട്) ഞാൻ ഒരിക്കൽ പോലും കേട്ടിട്ടില്ല." പ്രവാചകനെ(സ) കുറിച്ച് ആഇശ(റ) നിവേദനം ചെയ്യുന്നു: "അല്ലാഹുവിന്റെ തിരുദൂതൻ ഒരിക്കൽ പോലും ഭക്ഷണത്തെ കുറ്റം പറഞ്ഞിട്ടില്ല."

ഒരാളുടെ ന്യൂനതകൾ കണ്ടെത്തി മറ്റുള്ളവരോട് പറയുമ്പോൾ അദ്ദേഹത്തെ അനഭിമതനായി കാണാൻ അവർ നിർബന്ധിതരായിത്തീരും. ഇത് സമൂഹത്തിൽ പ്രചരിച്ചാൽ പരസ്പരമുള്ള നിലയും വിലയും വിശ്വാസവും നഷ്ടപ്പെടും. പ്രവാചകൻ(സ) പറയുകയുണ്ടായി: "എന്റെ സ്വഹാബികളെ കുറിച്ച് ആരുംതന്നെ എന്നോട് മോശം പറയരുത്. എനിക്ക് എല്ലാവരെ കുറിച്ചും നല്ലത് മാത്രം വിചാരിക്കുവാനും അങ്ങനെ വിശ്വസിക്കുവാനും കഴിയണം."

പ്രവാചകൻ(സ) മറ്റൊരിക്കൽ പറഞ്ഞു: "ആരെങ്കിലും മറ്റൊരാളുടെ ന്യൂനതകൾ മറച്ചു വെച്ചാൽ പാരത്രിക ലോകത്ത് അവന്റെയും കുറവുകൾ അല്ലാഹു മറച്ചു വെക്കുന്നതാണ്." മൃഗങ്ങളെയും മറ്റു ചരാചരങ്ങളെയും പോലും ശപിക്കുകയുമരുത്. നബി(സ) പ്രസ്താവിക്കുന്നു: "ആരെങ്കിലും മറ്റൊരാളെ ആക്ഷേപിച്ചാൽ ആ ആക്ഷേപം വാനലോകത്ത് ചെന്ന് സകല വാതിലുകളിലും തട്ടി അത് തിരിച്ച് ആക്ഷേപിച്ചവനിൽ ചെന്ന് പതിക്കും" (പ്രസ്തുത ആക്ഷേപം ആരോപകന് തന്നെ തിരിഞ്ഞുകൊള്ളുമെന്ന് സാരം). ആക്ഷേപവും പരിഹാസവുമെല്ലാം വളരെ ഗൗരവത്തോടെ കാണേണ്ട ഗുരുതര കുറ്റങ്ങളാണ്. 'ഞാൻ മനുഷ്യരെയാകമാനം ആദരിച്ചിരിക്കുന്നു, മാനിച്ചിരിക്കുന്നു' (സൂറഃ *അൽ ഇസ്റാഅ്* 70) എന്ന് അല്ലാഹു പറയുന്നു. പിന്നെന്തിനാണ് മനുഷ്യാ, നീ പരസ്പരം കുറ്റം കണ്ടെത്തി അത് പറഞ്ഞ് നടന്ന് മറ്റുള്ളവനെ അനാദരിക്കുന്നത്. ■